## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6737** 21-03-2023 - ൽ മറുപടിയ്ക്ക്

## എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകൾ നടത്തുന്നതിനുള്ള മുൻകരുതലുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകൾ കുറ്റമറ്റനിലയിൽ നടപ്പാക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പ്രവർത്തനങ്ങൾ ഈ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | **ഉണ്ട്. എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകൾ കുറ്റമറ്റനിലയിൽ നടത്തുന്നതിനായി മുൻവർഷങ്ങളിൽ സ്വീകരിച്ചിരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തി ആയതിന്റെ അടിസ്ഥാനത്തിലാണ് പരീക്ഷ ആസൂത്രണം ചെയ്തുവരുന്നത്.** |
| (ബി) | ഇത്തവണത്തെ എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകൾ കൂടുതൽ സൗകര്യപ്രദവും സുരക്ഷിതവും കൃത്യനിഷ്ഠയോടും കൂടി നടത്തുന്നതിന് എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | ഇത്തവണത്തെ എസ്.എസ്.എൽ.സി., ചോദ്യപേപ്പർ അച്ചടി മുതൽ മൂല്യനിർണ്ണയം പൂർത്തിയാക്കി ഫലപ്രഖ്യാപനം നടത്തുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും ചിട്ടയോടെ ആസൂത്രണം ചെയ്ത് ക്രമമായി നടപ്പിലാക്കിവരുന്നു.<br><br>ഇത്തവണത്തെ ഹയർ സെക്കന്ററി പരീക്ഷകൾ കൂടുതൽ സൗകര്യപ്രദവും സുരക്ഷിതവും കൃത്യനിഷ്ഠയോടും കൂടി നടത്തുന്നതിന് പരീക്ഷ ചീഫ് സൂപ്രണ്ടുമാരുടെ മീറ്റിംങ്ങുകൾ എല്ലാ ജില്ലയിലും സംഘടിപ്പിച്ചിരുന്നു. പരീക്ഷാ വിജ്ഞാപനം അച്ചടിച്ച് മീറ്റിംഗിൽ വിതരണം നടത്തിയിരുന്നു. പരീക്ഷാ രജിസ്ട്രേഷൻ, നടത്തിപ്പ്, ചോദ്യപേപ്പർ സുരക്ഷ, ഉത്തരകടലാസുകൾ ക്യാമ്പിലേക്ക് അയക്കുന്നത് എന്നിവ സംബന്ധിച്ച് വിശദമായ ക്ലാസുകൾ ചീഫ് സൂപ്രണ്ട്മാർക്ക് നൽകിയിരുന്നു. എല്ലാ സ്കൂളുകളിലേക്കും ചോദ്യപേപ്പർ എത്തിക്കുകയും ആയതിന്റെ സുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലേക്കും ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാർ, ഇൻവിജിലേറ്റർമാർ, എന്നിവരെ നിയമിച്ചിട്ടുണ്ട്. പരീക്ഷാ രജിസ്ട്രേഷൻ പൂർത്തിയായതിനു ശേഷം ഹാൾടിക്കറ്റ് വിതരണം നടത്തി ഹയർസെക്കന്ററി പരീക്ഷകൾ 10-03-2023 -ന് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>എസ്.എസ്.എൽ.സി പരീക്ഷ 09-03-2023 ന് ആരംഭിച്ചിട്ടുണ്ട്. പരീക്ഷ ഉത്തരക്കടലാസുകളുടെ |

| | | | |
|---|---|---|---|
| | | | മൂല്യനിർണ്ണയത്തിനായി 80 കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ കേരളത്തിലുടനീളം സജ്ജീകരിച്ചിട്ടുണ്ട്. |
| (സി) | സമയബന്ധിതമായും കുറ്റമറ്റനിലയിലും എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷാഫലങ്ങൾ പ്രഖ്യാപിക്കുന്നതിനും അതിനുള്ള ചിട്ടയായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (സി) | 2023 മാർച്ചിൽ നടന്നുകൊണ്ടിരിയ്ക്കുന്ന എസ്.എസ്.എൽ.സി പരീക്ഷയുടെ ഫലം സമയബന്ധിതമായി പ്രഖ്യാപിക്കുന്നതിനായി 2023 ഏപ്രിൽ മാസത്തിൽ തന്നെ ഉത്തരക്കടലാസ്സുകളുടെ മൂല്യനിർണ്ണയം പൂർത്തീകരിക്കുന്നതിന് വേണ്ടി 03/04/2023 മുതൽ 26/04/2023 വരെ ഉത്തരക്കടലാസ്സ്മൂല്യനിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാനത്ത് ആകെ 70 മൂല്യനിർണ്ണയ ക്യാമ്പുകൾ ക്രമീകരിച്ചിട്ടുണ്ട്. ഈ ക്യാമ്പുകളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ഓരോ ക്യാമ്പിനും ക്യാമ്പ് ഓഫീസറേയും, ഡെപ്യൂട്ടി ക്യാമ്പ് ഓഫീസറേയും ഇതിനോടകം നിയമിച്ചു കഴിഞ്ഞു. ക്യാമ്പുകൾ തുടങ്ങുന്നതിന് മുന്നോടിയായുള്ള ക്യാമ്പ് ഓഫീസർമാരുടെ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. ഓരോ ക്യാമ്പിലേക്കും ആവശ്യമായ അഡീഷണൽ ചീഫ് എക്സാമിനർ, അസിസ്റ്റന്റ് എക്സാമിനർ എന്നിവരെ നിയമിക്കുന്നതിനുള്ള നടപടികളും കൈകൊണ്ടുവരുന്നു. ക്യാമ്പ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് വിതരണം പൂർത്തിയാക്കിവരുന്നു. 2023 ഏപ്രിൽ 3- ന് ആരംഭിക്കുന്ന മൂല്യനിർണ്ണയ ക്യാമ്പുകൾക്ക് സമാന്തരമായി പരീക്ഷാഭവനിലെ മുഴുവൻ ജീവനക്കാരെയും ഉൾപ്പെടുത്തി ടാബുലേഷൻ നടപടികൾ കൂടി പൂർത്തീകരിച്ച് മേയ് 10-ന് ഫലം പ്രഖ്യാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>ഇത്തവണത്തെ ഹയർ സെക്കന്ററി പരീക്ഷ ഉത്തരകടലാസുകളുടെ മൂല്യനിർണ്ണയത്തിനായി 80 കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ കേരളത്തിലുടനീളം സജ്ജീകരിച്ചിട്ടുണ്ട്. ആയതിലേക്ക് ക്യാമ്പ് ഒഫിഷ്യൽസിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. 30-03-2023 ന് അവസാനിക്കുന്ന ഹയർ സെക്കന്ററി പരീക്ഷകളുടെ മൂല്യ നിർണ്ണയം 03-04-2023 ന് ആരംഭിക്കും. ആയതിലേക്കായി അധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഏകദേശം 25000 അധ്യാപകരെ മൂല്യ നിർണ്ണയത്തിനായി വേണ്ടിവരും. 2023 മെയ് മാസത്തിൽ ഹയർ സെക്കന്ററി പരീക്ഷാ ഫലം പ്രഖ്യാപിക്കുന്നതാണ്. |
| (ഡി) | എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷ | (ഡി) | എസ്.എസ്.എൽ.സി 2021-22 |

| | | | |
|---|---|---|---|
| | എഴുതുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ മുൻ വർഷത്തെക്കാൾ ഈ വർഷം എത്ര കുറവ് ഉണ്ടാകുമെന്ന് വെളിപ്പെടുത്താമോ? | | അധ്യയനവർഷത്തിൽ **4,26,469** റഗുലർ വിദ്യാർത്ഥികളും **409** പ്രൈവറ്റ് വിദ്യാർത്ഥികളുമാണ് പരീക്ഷ എഴുതിയിട്ടുള്ളത്. 2022-23 അധ്യയനവർഷത്തിൽ **4,19,362** റഗുലർ വിദ്യാർത്ഥികളും **192** പ്രൈവറ്റ് വിദ്യാർത്ഥികളുമാണ് പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളത്.<br><br>ഹയർ സെക്കണ്ടറി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ മുൻ വർഷത്തെക്കാൾ ഈ വർഷം കുറവ് രേഖപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ